പൊതുവിദ്യാഭ്യാസ (തൊഴിലധിഷ്ഠിത ഹയർ സെക്കണ്ടറി വിഭാഗം) ഡയറക്ടറുടെ ഓഫീസ്

നടപടിക്രമം

(ഹാജർ - ഷാനവാസ്.എസ്, ഐ.എ.എസ്)

പൊതുവിദ്യാഭ്യാസം - വി.എച്ച്.എസ്.ഇ - ജീവനക്കാര്യം - കൊല്ലം ജില്ലയിലെ മുട്ടറ ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിലെ പ്രിന്റിംഗ് ടെക്നോളജി വൊക്കേഷണൽ അദ്ധ്യാപകനായ ശ്രീ. അനിൽ കലാം .എ യ്ക്കെതിരായ അച്ചടക്ക നടപടി - സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

---

ജീവനക്കാര്യം (ഇ) വിഭാഗം

നം.ഇ/9421/2022

തിരുവനന്തപുരം, തീയതി , 25.07..2023

---

പരാമർശം - 1. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം ഓഫീസിൽ നിന്നുള്ള 31.10.2007 തീയതിയിലെ RID (I) /1154/06 നമ്പർനിയമന ശുപാർശ

2. ഈ ഓഫീസിലെ 01.12.2007 തീയതിയിലെ ഇ1/22872/07(3) നമ്പർ നിയമന ഉത്തരവ്.
3. GO(Rt) No.5770/2007/GI.Edn dated 18.12.2007
4. GO(Rt) No.4923/2012/GI.Edn dated 11.10. 2012
5. ഈ ഓഫീസിലെ 06.12.2017 തീയതിയിലെ ഇ1/12677/2017 നമ്പർ ഉത്തരവ്
6. ശ്രീ. അനിൽ കലാം .എ യുടെ 12.12.2022 തീയതിയിലെ അപേക്ഷ
7. 30.12.2020 തീയതിയിലെ 83/2020/ധന നമ്പർ സർക്കാർ സർക്കുലർ
8. ഈ ഓഫീസിലെ 17.12.2022 തീയതിയിലെ ഇതേ നമ്പർ കത്ത്
9. ഈ ഓഫീസിലെ 28.01.2023 തീയതിയിലെ ഇതേ നമ്പർ കുറ്റാരോപണ മെമ്മോ, കുറ്റാരോപണങ്ങളെ സംബന്ധിച്ച സ്റ്റേറ്റ്മെന്റ് .
10. ശ്രീ. അനിൽ കലാം .എ യുടെ 22.02.2023 (22.02.2022 എന്ന് തെറ്റായി രേഖപ്പെടുത്തിയ) തീയതിയിലെ വിശദീകരണം.
11. ഈ ഓഫീസിലെ 28.01.2023 തീയതിയിലെ ഇതേ നമ്പർ കാരണം കാണിക്കൽ നോട്ടീസ് .
12. ശ്രീ. അനിൽ കലാം .എ യുടെ 07.06.2023 തീയതിയിലെ കാരണം കാണിക്കൽ നോട്ടീസിനുള്ള മറുപടി.

## ഉത്തരവ്

ശ്രീ. അനിൽ കലാം .എ, കേരള പബ്ലിക് സർവീസ് കമ്മീഷന്റെ പരാമർശം (1) ശുപാർശ പ്രകാരം, മുട്ടറ ഗവൺമെന്റ് വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളിൽ, പ്രിന്റിംഗ് ടെക്നോളജി വൊക്കേഷണൽ അദ്ധ്യാപകനായി പരാമർശം (2) പ്രകാരം, 14/12/2007 തീയതിയിൽ സർവ്വീസിൽ പ്രവേശിച്ചു. പ്രിന്റിംഗ് ടെക്നോളജി വൊക്കേഷണൽ അദ്ധ്യാപകനായി 5 ദിവസം മാത്രം സേവനം അനുഷ്ഠിച്ചതിന് ശേഷം ടിയാൾ,

കെ.എസ്.ആർ ഭാഗം 1 അപ്പൻഡിക്സ് XII എ പ്രകാരം സ്വദേശത്ത് ജോലി ചെയ്യുന്നതിനായി 19/12/2007 മുതൽ 5 വർഷത്തേയ്ക്ക്, ശൂന്യവേതനാവധി അനുവദിയ്ക്കുന്നതിന് അപേക്ഷ സമർപ്പിക്കുകയും പരാമർശം (3) പ്രകാരം ശൂന്യവേതനാവധി അനുവദിക്കുകയും ചെയ്തു. പരാമർശം (4) പ്രകാരം 19/12/2012 മുതൽ 18/12/2017 വരേയും, പരാമർശം (5) പ്രകാരം 19/12/2017 മുതൽ 18/12/2022 വരേയും ശൂന്യവേതനാവധി ദീർഘിപ്പിച്ച് നൽകുകയും ചെയ്തിരുന്നു.

പരാമർശം (6) പ്രകാരം 19/12/2022 മുതൽ വീണ്ടും 5 വർഷത്തേക്ക് കൂടി ശൂന്യവേതനാവധി ദീർഘിപ്പിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചിരുന്നുവെങ്കിലും പരാമർശം (7) സർക്കാർ സർക്കുലറിലെ മാനദണ്ഡങ്ങൾ പ്രകാരം ശൂന്യവേതനാവധി ദീർഘിപ്പിച്ച് നൽകാൻ കഴിയാത്ത സാഹചര്യത്തിൽ 19/12/2022 തീയതിയിൽ തിരികെ ജോലിയിൽ പ്രവേശിക്കുന്നതിന് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ, അവധിക്കാലയളവ് 18/12/2022 തീയതിയിൽ കഴിഞ്ഞിട്ടും, ടിയാൾ ജോലിക്ക് ഹാജരാകുകയോ, ഹാജരാകാതിരിക്കുന്നതിന്റെ കാരണം അറിയിക്കുകയോ ചെയ്തില്ല.

കെ.എസ്.ആർ ഭാഗം 1 അപ്പൻഡിക്സ് XII എ പ്രകാരം സ്വദേശത്ത് ജോലി ചെയ്യുന്നതിനാണ്, ശ്രീ. അനിൽ കലാം .എ ശൂന്യവേതനാവധി അപേക്ഷ സമർപ്പിച്ചത്. അപ്പൻഡിക്സ് XII എ പ്രകാരം അവധിക്കപേക്ഷിക്കുന്ന ഉദ്യോഗസ്ഥൻ അവധി അനുവദിച്ച ശേഷം മാത്രമേ അവധിയിൽ പ്രവേശിക്കാവൂ എന്ന് നിർദ്ദേശിച്ചിട്ടുണ്ട്, അല്ലാത്തപക്ഷം ടി ഉദ്യോഗസ്ഥനെതിരെ അച്ചടക്ക നടപടി സ്വീകരിച്ച് അവരെ സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിന് കെ.എസ്.ആർ ഭാഗം 1 അപ്പൻഡിക്സ് XII എ-യിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. ആകെ 5 ദിവസം മാത്രം പ്രിന്റിംഗ് ടെക്നോളജി വൊക്കേഷണൽ അദ്ധ്യാപകനായി സേവനമനുഷ്ഠിച്ചിട്ടുള്ള ശ്രീ. അനിൽ കലാം .എ യുടെ പ്രൊബേഷൻ പോലും പൂർത്തിയാക്കിയിട്ടില്ല. ഇത്തരത്തിലുള്ളവരെ സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിന് കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾസ് ഭാഗം II ചട്ടം 19 -ൽ വ്യവസ്ഥ ചെയ്യുന്നുണ്ട്.

പരാമർശം (7) സർക്കാർ സർക്കുലറിലെ മാനദണ്ഡങ്ങൾ പ്രകാരം 19/12/2022 തീയതിയിൽ തന്നെ തിരികെ ജോലിയിൽ പ്രവേശിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടും, സ്വദേശത്ത് മെച്ചപ്പെട്ട ജോലിചെയ്യുന്നതിനായി, അനധികൃതമായി അവധിയിൽ തുടർന്നതിന് പരാമർശം (9) പ്രകാരം കുറ്റാരോപണമെമ്മോ, കുറ്റാരോപണങ്ങളെ സംബന്ധിച്ച സ്റ്റേറ്റ്മെന്റ് ഇവ നൽകിയിരുന്നു. പരാമർശം (10) പ്രകാരം ലഭിച്ച വിശദീകരണത്തിൽ, 19.12.2022 മുതൽ 18.12.2027 വരെയുള്ള ശൂന്യവേതനാവധിയ്ക്കുള്ള അപേക്ഷ ഉചിത മാർഗ്ഗേണ സർക്കാരിൽ എത്തിച്ചു എന്നും, എംപ്ലോയറുമായി കരാർ

നിലനിൽക്കുന്നതിനാൽ സർക്കാരിൽ നിന്നും അനുകൂല തീരുമാനം ഉണ്ടാകുമെന്നും ആയതിനാൽ അച്ചടക്കനടപടി ഉപേക്ഷിക്കണമെന്നുമാണ്, പ്രതിപാദിച്ചിരുന്നത്. ശൂന്യവേതനാവധിയ്ക്കുള്ള അപേക്ഷ ഉചിത മാർഗ്ഗേണ സർക്കാരിൽ എത്തിച്ചു എന്നുള്ള ടിയാന്റെ വാദം അടിസ്ഥാനരഹിതമാണ്. പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നിന്നും ടിയാന്റെ ശൂന്യവേതനാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ സർക്കാരിലേയ്ക്ക് സമർപ്പിച്ചിരുന്നില്ല. മറിച്ച്, ടിയാനോട് 19/12/2022 തീയതിയിൽ തിരികെ ജോലിയിൽ പ്രവേശിക്കുന്നതിന് നിർദ്ദേശം നൽകുക ആയിരുന്നു ചെയ്തത്. കൂടാതെ ടിയാനെ നേരിൽ കേൾക്കണമെന്ന ആവശ്യവും ഉന്നയിച്ചിരുന്നു. ഇതുപ്രകാരം, വൊക്കേഷണൽ ഹയർ സെക്കണ്ടറി എഡ്യൂക്കേഷൻ വിഭാഗം സീനിയർ അഡ്മിനിസ്റ്റേറ്റീവ് ഓഫീസറുടെ മുന്നിൽ 28.03.2023ന് ഹാജരാകുകയും, ടിയാനെ സർവ്വീസിൽ പ്രവേശിപ്പിച്ചാൽ, സംസ്ഥാനത്തെ എല്ലാ പ്രിന്റിംഗ് ടെക്നോളജി വൊക്കേഷണൽ അദ്ധ്യാപകതസ്തികകളിലും സ്ഥിരം അദ്ധ്യാപകർ ജോലി ചെയ്യുന്ന സാഹചര്യത്തിൽ, സർവ്വീസിൽ ഏറ്റവും ജൂനിയർ ആയ അദ്ധ്യാപികയെ/അദ്ധ്യാപകനെ, കേരള പബ്ലിക് സർവീസ് കമ്മീഷന്റെ മുൻപാകെ സറണ്ടർ ചെയ്യേണ്ടി വരുമെന്നും ആയതിനാൽ സ്പെഷ്യൽ കേസ് ആയി പരിഗണിച്ച് 5 വർഷത്തേക്ക് കൂടി ടിയാന്റെ ശൂന്യവേതനാവധി ദീർഘിപ്പിച്ച് നൽകണമെന്നും ആവശ്യപ്പെട്ടു.

മുട്ടറ ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിലെ പ്രിന്റിംഗ് ടെക്നോളജി വൊക്കേഷണൽ അദ്ധ്യാപകനായ ശ്രീ. അനിൽ കലാം .എ, പ്രൊബേഷൻ പൂർത്തീകരിക്കുന്നതിന് മുൻപ്, മുൻകൂർ അനുമതിയില്ലാതെ ശൂന്യവേതനാവധിയിൽ പ്രവേശിച്ച്, സ്വദേശത്ത് ജോലി ചെയ്തത് ഗുരുതരമായ ചട്ടലംഘനം ആണെന്ന് കണ്ടെത്തുകയും, ആയതിന്റെ അടിസ്ഥാനത്തിൽ ടിയാനെ സർവീസിൽ നിന്നും നീക്കം ചെയ്യുന്നതിന് താൽക്കാലികമായി തീരുമാനിക്കുകയും ചെയ്തിരുന്നു. മേൽ തീരുമാനം, പരാമർശം (11) പ്രകാരം ശ്രീ. അനിൽ കലാം .എ യെ അറിയിക്കുകയും പ്രതിവാദ പത്രിക സമർപ്പിക്കാൻ നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. കാരണം കാണിക്കൽ നോട്ടീസിന് ശ്രീ. അനിൽ കലാം .എ പരാമർശം (12) പ്രകാരം പ്രതിപാദപത്രിക സമർപ്പിച്ചിരുന്നു. പ്രതിവാദപത്രികയിൽ ടിയാൻ മുൻപ് സമർപ്പിച്ചിരുന്ന വിവരങ്ങൾ അല്ലാതെ പുതിയ വാദങ്ങളോ തെളിവുകളോ ഒന്നും തന്നെ സമർപ്പിച്ചിരുന്നില്ല.

കെഎസ്ആർ ഭാഗം 1 അനുബന്ധം XII എ പ്രകാരം അവധിയ്ക്ക് അപേക്ഷിക്കുന്ന ജീവനക്കാരൻ, അവധി അനുവദിച്ച ശേഷം മാത്രമേ അവധിയിൽ പ്രവേശിക്കാവൂ എന്നും, അല്ലാത്തപക്ഷം അവർക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ച് സർവീസിൽ നിന്നും നീക്കം ചെയ്യുന്നതിനും കെ.എസ്.ആർ ഭാഗം 1 അപ്പൻഡിക്സ് XII എ യിൽവ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രൊബേഷൻ പോലും പൂർത്തിയാക്കാതെ അനധികൃതമായി സേവനത്തിൽ നിന്നും മാറിനിൽക്കുന്നവരെ സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിന് കേരള സ്റ്റേറ്റ് ആന്റ്

സബോർഡിനേറ്റ് സർവ്വീസ് റൂൾസ് ഭാഗം II ചട്ടം 19 -ൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. ശൂന്യവേതനാവധി അനുവദിക്കാതെ അനധികൃതമായി ജോലിയിൽ നിന്നും വിട്ടു നിന്ന്, സ്വദേശത്ത് ജോലി ചെയ്യുത് ഒരു ഉത്തരവാദിത്തപ്പെട്ട സർക്കാർ ഉദ്യോഗസ്ഥൻ എന്ന നിലയിൽ ശ്രീ. അനിൽകലാം .എ യുടെ ഭാഗത്ത് നിന്നുണ്ടായ ഗുരുതരമായ അച്ചടക്ക ലംഘനവും, പെരുമാറ്റ ദൂഷ്യവും കൃത്യവിലോപവും, സർവീസ് നിയമങ്ങളുടെ ലംഘനവും ആണെന്ന് തെളിയുന്നു.

ആയതിനാൽ കൊല്ലം ജില്ലയിലെ മുട്ടറ ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിലെ പ്രിന്റിംഗ് ടെക്നോളജി വൊക്കേഷണൽ അദ്ധ്യാപകനായ ശ്രീ. അനിൽ കലാം .എ യെ കേരള സിവിൽ സർവ്വീസ് (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടം 15 പ്രകാരവും കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾസ് ഭാഗം II ചട്ടം 19 പ്രകാരവും അച്ചടക്ക നടപടി മാനുവലിലെ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് സർവീസിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തിക്കൊണ്ടും ടിയാനെ 19.12.2022 ന് പ്രാബല്യത്തിൽ സർവീസിൽ നിന്നും നീക്കം ചെയ്യുകൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

ഒപ്പ്/-

ഷാനവാസ് എസ്, ഐ എ എസ്

പൊതുവിദ്യാഭ്യാസ ഡയറക്ടർ

സ്വീകർത്താക്കൾ:

1. ശ്രീ. അനിൽകലാം .എ, വൊക്കേഷണൽടീച്ചർ (പി&ടി), ജി.വി.എച്ച്.എസ്.എസ് മുട്ടറ (പ്രിൻസിപ്പാൾ മുഖേന).
2. പ്രിൻസിപ്പാൾ, ജി.വി.എച്ച്.എസ്. എസ് മുട്ടറ
3. അസിസ്റ്റന്റ് ഡയറക്ടർ, വി എച്ച് എസ് ഇ മേഖലാ കാര്യാലയം, കൊല്ലം.
4. ഗവൺമെന്റ് സെക്രട്ടറി, പൊതുവിദ്യാഭ്യാസ (യു) വകുപ്പ്, ഗവൺമെന്റ് സെക്രട്ടറിയേറ്റ്, തിരുവനന്തപുരം
5. അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
6. സ്റ്റോക്ക്ഫയൽ/ഓഫീസ്കോപ്പി.

ഉത്തരവിൻ പ്രകാരം

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ